**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3277** **25-10-2021 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരൻമാരുടെ ഡാറ്റാ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മുതിർന്ന പൗരൻമാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | മുതിർന്ന പൗരൻമാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് "നവജീവൻ" പദ്ധതിയിൽ ഉൾപ്പെടുത്തി മുതിർന്ന പൗരൻമാരുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന സ്വീകരിച്ച് വരുന്നത്. മുതിർന്ന പൗരൻമാർക്ക് വളരെ കുറഞ്ഞ വിവരങ്ങൾ നൽകി ലളിതമായ രീതിയിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്ന തരത്തിലും, നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് 50 വയസ്സ് കഴിഞ്ഞാൽ നവജീവൻ പദ്ധതി ഡാറ്റാ ബാങ്കിലേയ്ക്ക് രജിസ്ട്രേഷൻ മാറ്റാവുന്ന തരത്തിലുമാണ് ഈ സംവിധാനം ഒരുക്കുന്നത്. മുതിർന്ന പൗരൻമാരുടെ സേവനം ആവശ്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ മുതലായവർക്ക്, അവർക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകാൻ താൽപര്യമുള്ള വ്യക്തികളെ ടി ഡാറ്റാ ബാങ്കിൽ നിന്നും തിരഞ്ഞെടുക്കാവുന്ന തരത്തിലാണ് ഡാറ്റാ ബാങ്ക് സജ്ജീകരിക്കുന്നത്. സേവനങ്ങൾക്ക് മാന്യമായ വേതനം നൽകുന്നതിനും അവരുടെ സേവനങ്ങൾ വിലയിരുത്തുന്നതിന് മാർക്ക്/ഗ്രേഡിംഗ് രേഖപ്പെടുത്തുന്നതിനുള്ള അവസരവും ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ നവജീവൻ ഡാറ്റാ ബാങ്ക് സംവിധാനം മൊബൈൽ ആപ്പ് വഴിയും ആവശ്യക്കാർക്ക് ലഭ്യമാക്കാനും നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ആയതിലേക്ക് ഇന്നേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | നവജീവൻ പദ്ധതിയുടെ ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് ഭരണാനുമതി നൽകി 17.12.2018-ലെ സ.ഉ.(കൈ)നം. 73/2018/ |

| | | | |
|---|---|---|---|
| | | | തൊഴിൽ പ്രകാരം ഉത്തരവായിരുന്നു. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ സൗകര്യം ഒരുക്കുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഓഫീസർമാർ മുതൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ചർച്ച നടത്തി ഡാറ്റാ ബാങ്കിന്റെ പ്രവർത്തനം സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ NIC മുഖാന്തിരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ NIC-യ്ക്ക് ലഭ്യമാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ